(സി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ച എന്റർ പ്രൈസ് റിഫോംസ് കമ്മിറ്റി പുറപ്പെടുവിച്ച പൊതുമേഖലാ പുനരുദ്ധാരണം സംബന്ധിച്ച സമീപന രേഖ അടിസ്ഥാനമാക്കി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

(ഡി) ഉണ്ട്. താഴെപ്പറയുന്ന അഞ്ച് സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി കുറയ്ക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകരെ ക്ഷണിച്ചുകൊണ്ട് പരസ്യം ചെയ്യുകയും അതനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുന്ന നടപടികൾ നടന്നു വരുന്നു.

1. ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്.
2. കേരളാ സ്റ്റേറ്റ് സാലിസിലേറ്റ് ആന്റ് കെമിക്കൽ ലിമിറ്റഡ്.
3. കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽ ലിമിറ്റഡ്.
4. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്.
5. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്.

(ഇ ആന്റ് എഫ്) എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി നഷ്ടത്തിലായ പൊതു മേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തെക്കുറിച്ച് വെവ്വേറെ പഠനം നടത്തിവരിക യാണ്. ഓരോ സ്ഥാപനങ്ങളുടേയും പുനരുദ്ധാരണത്തെക്കുറിച്ച് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

ഉൽപ്പാദനം നിലച്ചുപോയ ചെറുകിട വ്യവസായങ്ങളും ചെറുകിട സേവന വ്യാപാര സംരംഭങ്ങളും

119 [435] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-2003 വരെ സംസ്ഥാനത്ത് ഉൽപ്പാദനം നിലച്ചുപോയ ചെറുകിട വ്യവസായങ്ങളുടേയും ചെറുകിട സേവന വ്യാപാര സംരംഭങ്ങളുടേയും കണക്കുകൾ വിശദമാക്കാമോ;

(ബി) ഉൽപ്പാദനം നിലച്ചിരിക്കുന്ന ലഘുവ്യവസായ സംരംഭങ്ങൾ എത്ര; ചെറുകിട സേവന വ്യാപാര സംരംഭങ്ങൾ എത്ര; ചെറുകിട വ്യവസായങ്ങൾ എത്ര;

(സി) അടച്ചുപൂട്ടിയതും ഉൽപ്പാദനം നിലച്ചുപോയതുമായ സ്ഥിരവും താൽക്കാലികവുമായ രജിസ്ട്രേഷൻ ഉണ്ടായിരുന്ന ഉൽപ്പന്നങ്ങളുടെ ശൃംഖല തിരിച്ചുള്ള വ്യവസായ യൂണിറ്റുകളുടെ വിവരം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ വ്യവസായ യൂണിറ്റുകളിൽ ആകെ എത്ര പേർക്ക് തൊഴിലവസ ങ്ങൾ നഷ്ടപ്പെടുകയുണ്ടായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ മുതൽ ഡി വരെ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പീഡിത വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണവും പുനരധിവാസവും

120 [437] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 വർഷത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര പീഡിത വ്യവസായ യൂണിറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും പുനരധിവാസത്തിനുമായി സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) 2003-2004 വർഷത്തിൽ പീഡിത വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടലിന് വിധേയമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി ആന്റ് സി) ഉണ്ട്. ഒമ്പത് ശതമാനം നിരക്കിൽ മാർജിൻമണി വായ്പ, കെട്ടിടം, മെഷീനറി, ഇവ വാങ്ങുന്നതിനുള്ള വായ്പ, പ്രാരംഭ ചെലവുകൾക്കുള്ള വായ്പ, കൂടാതെ റവന്യൂ റിക്കവറിക്ക് സ്റ്റേ, വായ്പ കുടിശ്ശികയ്ക്ക് പുനഃക്രമീകരണം മുതലായവ അനുവദിക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തി പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഇതിനായി ജില്ലാതല റീഹാബിലിറ്റേഷൻ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(ഡി ആന്റ് ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly